**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ എൽ.ഡി. ക്ലാർക്ക് ശ്രീ. മഹേഷ് മോഹൻ എം.ജി. യുടെ പിതാവിന്റെ പാർക്കിൻസൺ രോഗസംബന്ധമായ ചികിത്സയ്ക്ക് പലിശ രഹിതവായ്പ്പ അനുവദിക്കുന്നതിന് - അനുമതി നൽകി - ഭേദഗതി ഉത്തരവു പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം. 402/2017/തസ്വഭവ . തീയതി, തിരുവനന്തപുരം, 13.02.2017

പരാമർശം :- 1) പഞ്ചായത്ത് ഡയറക്ടറുടെ 03.06.2015, 11.12.2015 എന്നീ തീയതികളിലെ എഫ്2-17491/15 നമ്പർ കത്തുകൾ.
2) 18.02.1997 ലെ സഉ(പി) നമ്പർ 45/97/ആകുവ നമ്പർ ഉത്തരവ്.
3) 02.11.2000 ലെ സഉ(പി) നമ്പർ 285/2000/ആകുവ നമ്പർ ഉത്തരവ്.
4) 20.11.2001 ലെ സഉ(പി) നമ്പർ 298/2001/ആകുവ നമ്പർ ഉത്തരവ്.
5) തിരുവനന്തപുരം ശ്രീചിത്രാ ആശുപത്രിയിൽ നിന്നുള്ള 22/04/2015 ലെ സർട്ടിഫിക്കറ്റ്.
6) 06.10.2015-ലെ സ.ഉ (സാധാ) നം. 3073/2015/തസ്വഭവ. നമ്പർ ഉത്തരവ്.

## ഉത്തരവ്

പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ എൽ. ഡി.ക്ലാർക്ക് ശ്രീ. മഹേഷ് മോഹൻ എം.ജി.യുടെ പിതാവിന് പാർക്കിൻസൺ രോഗ സംബന്ധമായ ചികിൽസയോടനുബന്ധിച്ച് തിരുവനന്തപുരത്തെ ശ്രീ ചിത്രാ മെഡിക്കൽ ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തുന്നതിന് 10,50,000/- (രൂപാ പത്തുലക്ഷത്തി അൻപതിനായിരം മാത്രം) അനുവദിക്കുന്നതിന് അനുമതിയ്ക്കായി പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (6) ഉത്തരവ് പ്രകാരം 10,50,000/- (രൂപാ പത്തുലക്ഷത്തി അൻപതിനായിരം മാത്രം) അനുവദിച്ച് ഉത്തരവായിരുന്നു.

ടി തുക പരുതൂർ ഗ്രാമപഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ അത് ലഭ്യമല്ലെങ്കിൽ മെയിന്റനൻസ് ഫണ്ടിൽ നിന്നോ അതും ലഭ്യമല്ലെങ്കിൽ പ്ലാൻ ഫണ്ടിൽ നിന്നോ നൽകാനും പ്രസ്തുത തുക 48 തവണകളായി ടിയാന്റെ ശമ്പളത്തിൽ നിന്നും തിരിച്ച് പിടിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ പരുതൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പ്രസ്തുത തുക നൽകുന്നതിനുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ടിയാന്റെ ആവശ്യപ്രകാരം ടിയാനെ പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലേയ്ക്ക് സ്ഥലംമാറ്റിയതായി സൂചന (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ എൽ.ഡി ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ. മഹേഷ് മോഹൻ. എം.ജി യുടെ പിതാവിന്റെ (ശ്രീ.മദൻമോഹൻ) പാർക്കിൻസൺ രോഗത്തിന് (Neuro Stimulator Replacement) തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ അടിയന്തിര ശസ്ത്രക്രിയ നടത്തുന്നതിന് 10,50,000/- (രൂപാ പത്തുലക്ഷത്തി

അൻപതിനായിരം മാത്രം) പരാമർശം ഒന്നു മുതൽ മൂന്നു വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളോടെയും ചുവടെ വിവരിക്കുന്ന വ്യവസ്ഥകളോടെയും അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നതോടൊപ്പം ഈ ആവശ്യത്തിന്മേൽ സൂചന (6) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്ത്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തുക പിൻവലിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ സർക്കാരിൽ ഹാജരാക്കേണ്ടതും, 6 മാസത്തിനുള്ളിൽ പ്രസ്തുത തുക സെറ്റിൽ ചെയ്യേണ്ടതുമാണ്. തുക ചെലവാക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം 12% പിഴപ്പലിശ ഈടാക്കുന്നതാണ്.
2. ശ്രീ. മഹേഷ് കുമാറിന്റെ സേവനപുസ്തകത്തിൽ പലിശരഹിത വായ്പയുടെ തുക, നമ്പർ, സർക്കാർ ഉത്തരവ് നമ്പരും തീയതിയും, കണ്ടിജന്റ് ബിൽ നമ്പർ, തുക പിൻവലിച്ച തീയതി മുതലായവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
3. പലിശരഹിത വായ്പാ തുക പിൻവലിച്ച ട്രഷറിയുടെ പേര്, തുക പിൻവലിച്ച തീയതി എന്നിവ ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ അറിയിക്കേണ്ടതാണ്.
4. പലിശരഹിത വായ്പാ ക്യാൻസൽ ചെയ്യുകയോ, തുക പിൻവലിക്കാതിരിക്കുകയോ ചെയ്താൽ ആ വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.
5. അനുവദിക്കുന്ന 10,50,000/- രൂപയിൽ ഉപയോഗിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്.
6. പ്രസ്തുത തുക '7610-00-800-95(02)-IFMA' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
**ഗവ. ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീ. മഹേഷ് മോഹൻ എം.ജി, പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ജില്ല ട്രഷറി ഓഫീസർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ധനകാര്യ വകുപ്പ് (L3/74/2016/Fin, dated 21.10.2016)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (23085/G2/2015/H&FWD, dated 21.10.2016)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ